ശ്രീ. ബെന്നി ബഹനാൻ: സർ, ഒരു ചോദ്യം. അസംബ്ലി ഇല്ലാത്തയവസരത്തിൽ എം. എൽ. എ. മാർക്ക് ഒരു തിരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയ ഒരു അസംബ്ലി വരുന്നതുവരെ കണ്ടിന്യൂ ചെയ്യാനുള്ള അധികാരം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: സർ, എം. എൽ. എ. മാരുടെ മെമ്പർഷിപ്പ് പോകുമ്പോൾ പിന്നീട് കണ്ടിന്യൂ ചെയ്യാനായിട്ട് ബുദ്ധിമുട്ടു വരും. എം. എൽ. എ. എന്നുള്ള കപ്പാസിറ്റിയിലാണ് നമ്മൾ കൊടുത്തിരിക്കുന്നത്. അതു സാരമില്ല സർ. ശ്രീ. ബെന്നി ബഹനാൻപ്പോലുള്ള മെമ്പർമാർ ഉടനെതന്നെ അടുത്ത തിരഞ്ഞെടുപ്പിൽക്കൂടി തിരിച്ചു വരുമെന്നുള്ളതിനെപ്പറ്റി വല്ല സംശയവുമുണ്ടോ? ഒരു മാസത്തെ ഒരു ഇടവേളയെന്നുള്ളതൊഴിച്ചാൽ അത് വെറും ഒരു നോഷണലായിട്ടുള്ള കാര്യങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് ഇത് നമുക്ക് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാം. ഇതിൽ വല്ല പോരായ്മകളുമുണ്ടെങ്കിൽ അത് നമുക്ക് നോക്കി പരിഷ്കരിക്കാം.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1986—ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 1986—ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986—ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986—ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്തും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതിന്റെ ചർച്ച ലഘൂകരിക്കാൻവേണ്ടി ഞാനൊന്നു പറഞ്ഞോട്ടേ. ഇതിൽ ഒരു കാര്യവുമില്ല. പൊതുവായി പറയുകയാണെങ്കിൽ ടി. സി. ഏരിയയിൽ സെസ് കൊടുക്കുമ്പോൾ വാട്ടർ സെസ് കൊടുക്കാതിരിക്കുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ താമസിച്ചുപോയാൽ അതിനു പലിശ ഇടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ ഒരു വ്യവസ്ഥ ടി. സി. നിയമത്തിലുണ്ട്. എന്നാൽ മലബാർ നിയമത്തിൽ അതില്ല. അതുകൊണ്ട് മലബാർ ഇറിഗേഷൻ വർക്സ് ആക്ടും മലബാർ ഇറിഗേഷൻ സെസ് ആക്ടും അതിനുവേണ്ടി ഭേദഗതി ചെയ്യുകയെന്നുള്ള ഒരൊറ ചെറിയ കാര്യമേയുള്ളൂ. നമുക്ക് ആകുന്നതും പ്രസംഗങ്ങളും ഒഴിവാക്കിക്കൊണ്ട് വേഗത്തിൽ സബ്ജക്ട് കമ്മിറ്റിയിലേക്ക് ഇത് അയയ്ക്കാമെന്ന് അഭിപ്രായപ്പെടുകയാണ്.

1986-ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(3) 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ കാരണങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും വേനനിർമ്മാണവും തൊഴിലും സംബന്ധിച്ച ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇത് ക്ഷേമനിധിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ ഉദ്ദേശിച്ച് ഉണ്ടാക്കിയിട്ടുള്ള ഒരു ചെറിയ ഭേദഗതിയാണ്. ഈ ആക്ട് അനുസരിച്ച് 750 രൂപവരെ ശമ്പളമുള്ളവരെയാണ് പ്രധാനമായും തൊഴിലാളിയായി പരിഗണിച്ചിരുന്നത്. എന്നാൽ 1,500 രൂപവരെ ശമ്പളമുള്ളവരെ തൊഴിലാളി എന്നുള്ള നിർവ്വചനത്തിൽ കൊണ്ടുവരുന്നു എന്നുള്ള ഒരു പ്രധാന ഭേദഗതിയാണുള്ളത്. ഇതിനെ കോൺട്രിബ്യൂഷൻ എന്നുപറയുന്നത് ആറു മാസത്തിലൊരിക്കൽ എംപ്ലോയിയുടെ ശമ്പളത്തിൽനിന്നും 50 പൈസയും എംപ്ലോയർ ഒരു രൂപയും കൊടുക്കണമെന്നുള്ളതായിരുന്നു. ആ ഫണ്ടിലേക്കുള്ള വരുമാനമാർഗ്ഗം പ്രധാനമായും ഉണ്ടായിരുന്നത് ഇതാണ്. ആ വരുമാനമാർഗ്ഗം കൂട്ടി തൊഴിലാളികളുടെ ക്ഷേമനിധി ശക്തിപ്പെടുത്തുന്നതിനുവേണ്ടി യഥാക്രമം ഒരുരൂപയും രണ്ടുരൂപയുമായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ളതാണ് പ്രധാന ഭേദഗതി. അങ്ങനെ പണമടയ്ക്കാത്ത ആളുകളുടെ പേരിൽ പ്രോസിക്യൂഷൻ എടുക്കുന്നതിന് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുന്നതിനുള്ള ഒരു വകുപ്പുകൂടിയുണ്ട്. മൊത്തത്തിൽ ഇതിനെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly